അനധികൃതമായി പിടിച്ചെടുത്ത സ്ഫോടക വസ്തു

25 [788] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. എൻ. പ്രതാപൻ:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം പാറശ്ശാലയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്കുവച്ചു അനധികൃതമായി കടത്തിയ സ്ഫോടക വസ്തുക്കൾ എന്തെല്ലാം പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2005 ഏപ്രിൽ 8-ാം തീയതിയും മേയ് 7-ാം തീയതിയും യഥാക്രമം അമരവിള, ബാലരാമപുരം എന്നിവിടങ്ങളിൽ വച്ച് പിടിച്ചെടുത്ത സ്ഫോടകവസ്തു ശേഖരം ആരു കൊടുത്തയച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത് കൊണ്ടുവന്നവരുടെ മൊഴിയിൽ നിന്ന് ഇത് രണ്ടും കൊടുത്തയച്ചത് ഒരാൾ തന്നെയാണെന്ന് അറിവായിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പുവർഷം പാറശ്ശാലയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്ക് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് യൂണിറ്റ് പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ പാറശ്ശാല, അമരവിള വച്ച് 1000 ഡിറ്റനേറ്ററും 520 ജലാറ്റിൻ സ്റ്റിക്കുകളും ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ബാലരാമപുരത്ത് വച്ച് 1000 ഡിറ്റനേറ്ററുകളും 2000 ജലാറ്റിൻ സ്റ്റിക്കുകളും പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 2005 ഏപ്രിൽ 8-ന് അമരവിള വച്ച് പിടിച്ചെടുത്ത സ്ഫോടകവസ്തുക്കൾ കൃഴിത്തുറ സ്വദേശി ലൈല കൊടുത്തയച്ചതാണ്. എന്നാൽ ബാലരാമപുരത്ത് പിടിച്ചെടുത്ത സ്ഫോടകവസ്തുക്കൾ കൊടുത്തയച്ചതിനെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്.

(സി & ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്.

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം

26 [789] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly